"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ, പ്രവർത്തിക്കാത്തതും, വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതുമായ ഗുണഭോക്തൃ സമിതികൾ നടത്തിവന്നിരുന്ന കൊറ്റമംഗലം കുടിവെള്ള പദ്ധതി, കെ.കെ.പതി കുടിവെള്ള പദ്ധതി എന്നിവയുടെ കുടിശ്ശികയുള്ള വൈദ്യുതി ബില്ലുകൾ അടവാക്കുന്നതിനു തനത് ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2407/2025/LSGD തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:-

1. നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 24.02.2025-ലെ തീരുമാനം നമ്പർ 3(1)
2. പാലക്കാട് ജില്ലാ പ്ലാനിങ് ഓഫീസറുടെ 19.03.2025- ലെ കത്ത് (SRG/303/25 – CC/108/2025)
3. 21.08.2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.36

**ഉത്തരവ്**

നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ നടത്തിവന്നിരുന്ന, നിലവിൽ പ്രവർത്തിക്കാത്തതും വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതുമായ കൊറ്റമംഗലം കുടിവെള്ള പദ്ധതി, കെ.കെ.പതി കുടിവെള്ള പദ്ധതി എന്നിവയുടെ വൈദ്യുതി ബില്ലുകൾ യഥാക്രമം 01/04/2020 മുതൽ 01/07/2021 വരേയും 04/02/2021 മുതൽ 03/06/2021 വരേയും കുടിശ്ശികയായിട്ടുള്ളതാണ്. കൊറ്റമംഗലം കുടിവെള്ള പദ്ധതി, കെ.കെ.പതി കുടിവെള്ള പദ്ധതി എന്നിവയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക താഴെപ്പറയും പ്രകാരമാണ്.

| കുടിവെള്ള പദ്ധതിയുടെ പേര് | കാലയളവ് | യഥാർത്ഥ കുടിശ്ശിക | പലിശ | ആകെ |
|---|---|---|---|---|
| കൊറ്റമംഗലം പദ്ധതി | 01.04.2020 മുതൽ 01.07.2021 വരെ | 66,643 രൂപ | 70,273 രൂപ | 1,36,916 രൂപ |
| കെ.കെ.പതി പദ്ധതി | 04.02.2021 മുതൽ 03.06.2021 വരെ | 22,026 രൂപ | 19,633 രൂപ | 41,659 രൂപ |

2. ഗുണഭോക്തൃ സമിതികൾ പരിപാലന ചുമതല വഹിച്ചിരുന്ന മേൽ പരാമർശിച്ച കുടിവെള്ള പദ്ധതികളുടെ കൺസ്യൂമർ നമ്പറുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ്. കുടിശ്ശിക തുക ഈടാക്കുന്നതിന്റെ ഭാഗമായി KSEB റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിരുന്നു. ഒറ്റത്തവണയായി തുക അടച്ചാൽ പലിശയിൽ ഒരു ഭാഗം ഒഴിവാക്കാമെന്ന് KSEB അറിയിച്ചിരുന്നു. പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കൾക്ക് ജലജീവൻ പദ്ധതി പ്രകാരം കണക്ഷൻ ലഭിച്ചിട്ടുണ്ട് എന്നതിനാൽ ഈ പദ്ധതി ഗുണഭോക്താക്കൾക്ക് നിലവിൽ ആവശ്യമില്ലാത്തതും പ്രവർത്തന രഹിതവുമാണ്. കൊറ്റമംഗലം കുടിവെള്ള പദ്ധതി, കെ.കെ.പതി കുടിവെള്ള പദ്ധതി എന്നിവയുടെ കുടിശ്ശിക ആയിട്ടുള്ള വൈദ്യുതി ബില്ലുകൾ അടവാക്കുന്നതിനുള്ള തുക പഞ്ചായത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതിക്കായി പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരമാർശം (3) പ്രകാരം താഴെ പറയുന്ന തീരുമാനമെടുത്തിരുന്നു.

i) ഗുണഭോക്തൃ സമിതികൾ ഇതിന്റെ പരിപാലന ചുമതലയിൽ നിന്നൊഴിവായതിനാലും റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിനാലും തനത് ഫണ്ടിൽ നിന്ന് തുക നൽകാൻ അനുമതി നൽകുന്നു.

ii) ഈ കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നില്ലാത്ത സാഹചര്യത്തിൽ ഇതിന്റെ മോട്ടോർ അടക്കമുള്ളവ നശിക്കാതെ ലേലം ചെയ്ത് കൊടുക്കാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു. എന്നാൽ കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സുകളായ പൊതുകിണർ, പൊതുകുളം എന്നിവ സംരക്ഷിക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ നടത്തിവന്നിരുന്ന കൊറ്റമംഗലം കുടിവെള്ള പദ്ധതി, കെ.കെ.പതി കുടിവെള്ള പദ്ധതി എന്നിവയുടെ പരിപാലന ചുമതലയിൽ നിന്ന് ഗുണഭോക്തൃ സമിതികൾ ഒഴിവായതിനാലും റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിനാലും പദ്ധതികളുടെ ഭാഗമായി കുടിശിക ആയിട്ടുള്ള വൈദ്യുതി ബില്ലുകൾ അടവാക്കുന്നതിനു തനത് ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കുന്നതിനു നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ പരാമർശിച്ച കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നില്ലാത്ത സാഹചര്യത്തിൽ പദ്ധതിയിലെ മോട്ടോർ അടക്കമുള്ളവ നശിക്കാതെ ലേലം ചെയ്ത് കൊടുക്കുന്നതിനും കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സുകളായ പൊതുകിണർ, പൊതുകുളം എന്നിവ സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 04-10-2025 16:40:49

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്